# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.1)1106/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 20/09/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.1)1106/2024 തീയ്യതി: 20/09/2024

## എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാലി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2024 | 18-07-2024 |
| ഷേർളി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2024 | 20-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2024 | 20-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. അജിമോൻ പി പി, ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. മേഴ്‌സി കെ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ബിൻസി ബൈജു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ ദീപു ദിവാകരൻ | സെക്രട്ടറി | 01-04-2023 | 11-07-2023 |
| ശ്രീമതി അജിതകുമാരി എ വി | സെക്രട്ടറി | 12-07-2023 | 18-03-2024 |
| ശ്രീ സജി വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സീന എൻ എസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.ശ്രീകല എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.മഞ്ജു ടി വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 03-05-2023 |
| ഡോ.വന്ദന ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 04-05-2023 | 27-08-2023 |
| ഡോ.സബീന പി ജെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 28-08-2023 | 31-03-2024 |
| ശ്രീ. പത്രോസ് ടി പി | ഹെഡ്മാസ്റ്റർ, ഗവ. യു പി എസ്, വലമ്പൂർ | 01-04-2023 | 31-03-2024 |
| ശ്രീമതി കൃഷ്ണശോഭ കെ ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ ഷിഹാബ് ബാബു | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ ജോർജ്ജ് സക്കറിയ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 28-03-2024 |
| ശ്രീ ബേസിൽ മത്തായി | അസിസ്റ്റന്റ് എഞ്ചിനിയർ | 29-03-2024 | 31-03-2024 |
| ശ്രീമതി ദീപ എൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ.ശ്രീലേഖ ദിവാകർ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം | 01-04-2023 | 18-06-2023 |
| ഡോ.ജെറാൾഡ് ഗോർക്കിംഗ് മാത്യു | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം | 19-06-2023 | 15-09-2023 |
| ഡോ.ജയൻ എ എ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം | 16-09-2023 | 31-03-2024 |
| ശ്രീ മുഹമ്മദ് സാലിഹ് ടി ജെ | വി ഇ ഒ, മഴുവന്നൂർ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ പി എം അലിയാർ | വി ഇ ഒ, നെല്ലാട് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി ഇ ഒ, ഐരാപുരം സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ പി ബി ജോയി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 09-07-2023 |
| ശ്രീമതി ബിൻസി എൻ എം | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2023 | 21-08-2023 |

| | | | |
|---|---|---|---|
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 22-08-2023 | 06-09-2023 |
| ശ്രീ സജി വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 07-09-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | മുൻകൂറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദവിവരം ലഭ്യമല്ല | 1-1-3 |
| 5 | സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ. | 1-1-4 |
| 6 | ലൈഫ് ലോൺ - തിരിച്ചടക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-8 |
| 10 | സംയുക്ത പ്രോജക്ട് ഫണ്ട് നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യപത്രികയിൽ കണക്ക് കൃത്യമല്ല | 1-6-1 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മാലിന്യസംസ്ക്കരണം- ഹരിതകർമ്മസേനയിലൂടെ | 1-10 |
| 22 | വാടക വരവ് – അപാകങ്ങൾ | 1-11 |
| 23 | ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-12-1 |
| 24 | IFTE&OS ലൈസൻസ് ഫീസ് – അപാകങ്ങൾ | 1-12 |
| 25 | വരവ് ഇനങ്ങളിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക വൻതുകകളായി നിലനിൽക്കുന്നു. | 1-13 |
| 26 | വസ്തു നികുതി – കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-14 |
| 27 | ബിൽഡിങ്ങ് പെർമിറ്റ്-ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയിട്ടില്ല | 1-15 |
| 28 | ഇ-ടെണ്ടർ ഫീസ് യഥാസമയം തനതുഫണ്ടിലേക്ക് കൈമാറുന്നില്ല | 1-16 |
| 29 | ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയിട്ടില്ല. | 1-17 |
| 30 | റിഡംപ്ഷൻ തുക – 38.71 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല. | 1-18 |
| 31 | മാലിന്യ കൂമ്പാരം നീക്കം ചെയ്യൽ - നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 32 | ഇടപാടുകളില്ലാത്ത അക്കൗണ്ട്. | 1-20 |
| 33 | പണി പൂർത്തീകരിക്കാത്ത 92.35 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-21 |
| 34 | കുടിവെള്ള പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല. | 1-22 |
| 35 | തുടർ വിദ്യാഭ്യാസ പദ്ധതി- അധികം അടവാക്കിയ തുക നിരാകരിക്കുന്നു | 1-23 |
| 36 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകത | 1-24 |

| | | |
|---|---|---|
| 37 | ഹോമിയോ- മരുന്ന് ലഭ്യമായില്ല | 1-25 |
| 38 | അതിദരിദ്രർക്ക് ഭക്ഷണ വിതരണം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കണം | 1-26 |
| 39 | സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - പ്രവർത്തനക്ഷമമായിട്ടില്ല. | 1-27 |
| 40 | ആയുർവേദ മരുന്ന് വിതരണത്തിലെ അപാകത | 1-28 |
| 41 | സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-29 |
| 42 | അംബികാമഠം - പാതാളപ്പറമ്പ് റോഡ് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 43 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-31 |
| **ഭാഗം 2** | | |
| 1 | ലാന്റ് ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയില്ല- ₹7,717.5യുടെ വരവ് നഷ്ടം | 2-1 |
| **ഭാഗം 3** | | |
| 1 | തുടർ വിദ്യാഭ്യാസ പദ്ധതി- അധികം അടവാക്കിയ തുക നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം ഒരാൾക്ക് വിവാഹധനസഹായം ആയി ₹30,000 അനുവദിച്ചിട്ടുണ്ട് (UTR RBI0752441949977/15.3.2024). എന്നാൽ ഈ തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **21.06.2024 ലെ 3(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **09.07.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മഴുവന്നൂർ ഗ്രാമ** പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മഴുവന്നൂർ ഗ്രാമ** പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാക്കനാട്
20.09.2024 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 മുൻകൂറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദവിവരം ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ ബി.18 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി നൽകിയിട്ടുള്ള മുൻകൂറുകളിൽ താഴെ ചേർക്കുന്ന ഓരോ ഇനത്തിലും ആർക്കെല്ലാമാണ് മുൻകൂർ നൽകിയിട്ടുള്ളതെന്നും എത്ര തുകകൾ വീതമാണെന്നും ഉൾപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം | തുക |
|---|---|
| 460100103 Temporary Advance For Official Purpose | ₹1,65,714 |
| 460500501 Advance To Implementing Officers | ₹3,257 |
| 460509901 Advance To Others | ₹5,36,029 |

### 1-1-4 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ.

സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണ പ്രവൃത്തികൾക്കും മറ്റുമാണ്. സംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ വരുമാനമായാണ് അക്കൗണ്ട്സിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ സംരക്ഷണ ഗ്രാന്റിൽ (റോഡിതരം) ഓഡിറ്റ് വർഷത്തിൽ ₹13,66,924/- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. ആയത് സ.ഉ.(കൈ)152/11 ത.സ്വ.ഭ.വ. തീയതി 26.07.2011 ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. (ഗ്രാന്റ് & കോൺട്രിബ്യൂഷൻ എന്ന ഖണ്ഡികയ്ക്ക് താഴെ ‘C’ )

### 1-1-5 ലൈഫ് ലോൺ - തിരിച്ചടക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന നിർമ്മാണത്തിനായി KURDFC യിൽ നിന്നും ലഭിച്ചിട്ടുള്ള ലോൺ തുകയിൽ വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക ₹1,06,36,636/- ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി.5 ഷെഡ്യൂൾ പ്രകാരം ഇത് ₹1,03,86,636/- മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (ഖണ്ഡിക 4-5 കൂടി കാണുക)

### 1-1-6 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി കണക്കുകൾ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക്, എം.ഐ.എസ്. റിപ്പോർട്ട് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-6-1 കൂടി കാണുക)

### 1-1-7 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹10,55,294.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,53,74,679.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-9 സംയുക്ത പ്രോജക്ട് ഫണ്ട് നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ബാധ്യത നീക്കിയിരുപ്പ് തുക ബി.4 ഷെഡ്യൂളിൽ ചേർത്തിട്ടുള്ളതും ഈ ആവശ്യത്തിനായിട്ടാരംഭിച്ചിട്ടുള്ള ട്രഷറി സേവിങ്ങ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.

### 1-1-10 ആസ്തി രജിസ്റ്ററിലെ അപാകതകൾ

ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തികൾ കണ്ടെത്താവുന്ന മാതൃകയിലല്ല നിലവിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

### 1-2 ബജറ്റ്

മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 29.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റി 30.01.2024 ലെ 2-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹4,95,29,458.00 | ₹4,95,29,458.00 |
| വരവ് | ₹49,84,44,988.00 | ₹48,19,71,699.00 |

| | | |
|---|---|---|
| ആകെ | ₹54,79,74,446.00 | ₹53,15,01,157.00 |
| ചെലവ് | ₹54,52,53,173.00 | ₹52,65,45,649.00 |
| നീക്കിയിരുപ്പ് | ₹27,21,273.00 | ₹49,55,508.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹5,95,27,301.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹9,13,07,019.00 |
| ആകെ | : | ₹15,08,34,320.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹9,02,51,725.00 |
| നീക്കിയിരുപ്പ് | : | ₹6,05,82,595.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവ്-ചെലവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹2,82,77,000 | ₹2,82,77,000 | ₹2,25,32,478 | - | ₹57,44,522 |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹88,10,000 | ₹88,10,000 | ₹67,14,364 | - | ₹20,95,636 |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹1,31,000 | ₹1,31,000 | ₹99,283 | - | ₹31,717 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | ₹4,76,83,350 | ₹4,76,83,350 | ₹89,16,302 | - | ₹3,87,67,048 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | - | ₹77,85,400 | ₹77,85,400 | ₹61,10,141 | - | ₹16,75,259 |
| സി.എഫ്.സി – ബേസിക്ക് അൺടൈഡ് ഗ്രാന്റ് | ₹53,51,040 | ₹52,49,001 | ₹1,06,00,041 | ₹28,80,815 | ₹77,19,226 | - |
| സി.എഫ്.സി – ടൈഡ് ഗ്രാന്റ് | ₹66,38,580 | ₹35,11,500 | ₹1,01,50,080 | ₹22,98,406 | ₹78,51,674 | - |
| ആക്സലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം. 320100101 | ₹33,966 | ₹36,08,717 | ₹36,42,683 | ₹31,18,410 | ₹5,24,273 | - |
| നാഷണൽ ഹെൽത്ത് മിഷൻ 320100139 | ₹5,00,000 | 0 | ₹5,00,000 | 0 | ₹5,00,000 | - |
| ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെയ്ൻ 320100181 | ₹10,01,757 | 0 | ₹10,01,757 | 0 | ₹10,01,757 | - |
| ടോട്ടൽ സാനിട്ടേഷൻ സ്കീം 320100182 | ₹21,13,075 | ₹1,03,351 | ₹22,16,426 | ₹11,00,217 | ₹11,16,209 | - |
| ഐ.സി.ഡി.എസ്. 320100196 | ₹27,17,535 | ₹23,98,253 | ₹51,15,788 | ₹15,05,719 | ₹36,10,069 | - |
| ലിറ്ററസി സ്കീം ഗ്രാന്റ് 320100197 | ₹2,981 | ₹10,223 | ₹13,204 | ₹10,090 | ₹3,114 | - |
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | ₹3,48,343 | 0 | ₹3,48,343 | 0 | ₹3,48,343 | - |
| കേരളോൽസവം 320100199 | ₹19,240 | 0 | ₹19,240 | 0 | ₹19,240 | - |
| ഹെൽത്ത് ഗ്രാന്റ് ഡയഗനോസ്റ്റിക് | ₹3,26,712 | ₹11,03,196 | ₹14,29,908 | ₹3,70,895 | ₹10,59,013 | - |

| | | | | | | |
|---|---|---|---|---|---|---|
| ഇൻഫ്രാസ്ട്രക്ചർ 320100202 | | | | | | |
| ഹെൽത്ത് ഗ്രാന്റ് ബിൽഡിങ്ങ്. 320100203 | 0 | ₹28,14,519 | ₹28,14,519 | 0 | ₹28,14,519 | - |
| ഹെൽത്ത് ഗ്രാന്റ് -വെൽനെസ് സെന്റർ 320100204 | ₹1,88,193 | ₹4,53,433 | ₹6,41,626 | ₹2,03,337 | ₹4,38,289 | - |
| ഗ്രാന്റ് ഫോർ ഡ്രിങ്കിങ്ങ് വാട്ടർ സ്കീം (Life State Share) 320200305 | ₹23,18,705 | ₹88,40,000 | ₹1,11,58,705 | ₹70,05,000 | ₹41,53,705 | - |
| എം.എൽ.എ. പ്രാദേശ വികസന ഫണ്ട് (Buds Grant) 320200307 | ₹8,68,075 | ₹10,55,022 | ₹19,23,097 | ₹7,94,755 | ₹11,28,342 | - |
| അവയർനെസ് എഗൈൻസ്റ്റ് ഡ്രിങ്കിങ്ങ്, നർകോട്ടിക്സ് ... ( Disaster Management) 320200308 | 0 | ₹1,00,000 | ₹1,00,000 | 0 | ₹1,00,000 | - |
| ടോട്ടൽ സാനിട്ടേഷൻ 320300103 | ₹90,000 | 0 | ₹90,000 | 0 | ₹90,000 | - |
| മറ്റ് സർക്കാർ ഏജൻസീസ് 320300199 | ₹8,33,101 | 0 | ₹8,33,101 | ₹8,03,690 | ₹29,411 | - |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 250 | ₹33,55,77,358 | ₹8,57,56,245 | 79 | 50 | 121 | 31.6% |

## 1-6-1 തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യപത്രികയിൽ കണക്ക് കൃത്യമല്ല

പഞ്ചായത്തിലെ 2023-24 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിലുൾപ്പെടുത്തിയത് കൃത്യമല്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | വാർഷിക ധനകാര്യ പത്രിക പ്രകാരം (₹) | ക്യാഷ് ബുക്ക്/ പാസ്ബുക്ക് എന്നിവ പ്രകാരം (₹) | വ്യത്യാസം (₹) |
|---|---|---|---|---|
| ഭരണ ചെലവുകൾ | മുന്നിരിപ്പ് | 172158.00 | 173166.94 | 1008.94 |
| | വരവ് | 1761189.00 | 1760181.00 | (-)1008.00 |
| | ആകെ | 1933347.00 | 1933347.94 | .94 |
| | ചെലവ് | 0 | 1932104.00 | 1932104.00 |
| | നീക്കിയിരിപ്പ് | 1933347.00 | 1243.94 | (-)1932103.06 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | -- | 72051090.00 | 36092201.00 | (-)35958889.00 |

മേൽപ്പറഞ്ഞ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് 15.07.2024-ൽ നൽകിയ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അടുത്ത വാർഷിക ധനകാര്യ പത്രികയിൽ അപാകത പരിഹരിച്ച് ശരിയായ നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് ഉൾപ്പെടുത്തേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് (₹) | വരവ്(₹) | ആകെ (₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 173166.94 | 1753560+ 6621(പലിശ) | 1933347.94 | 1932104 | 1243.94 |
| ഗുണഭോക്താക്കൾക്ക് | 0 | 36092201 | 36092201 | 36092201 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകിയത് | | | | | |
| **ആകെ** | 173166.94 | 37852382 | 38025548.94 | 38024305 | 1243.94 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹85,33,000.00 | 731 |
| വിധവാപെൻഷൻ | ₹1,30,23,400.00 | 1182 |
| വാർദ്ധക്യകാല പെൻഷൻ | ₹2,91,00,600.00 | 2860 |
| വികലാംഗപെൻഷൻ | ₹44,21,300.00 | 395 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹6,27,000.00 | 53 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹30000* | 1 |

* ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2024 തീയതിയിൽ ഉച്ചയ്ക്ക് 3.30 സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹6907.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പദ്ധതി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല :** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം വിവിധ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തീയാക്കിയ പ്രോജകട്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജകട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജകട്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1995-96 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതിനാലാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**മരാമത്ത് പ്രവൃത്തികൾ - എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ അപാകത.**

എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട തീയതി, പിഴ ഈടാക്കിയതിന്റെ വിവരം എന്നീവ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലെ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

**തനത് ഫണ്ട് തുകകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ തെളിവ് രേഖകൾ സൂക്ഷിക്കുന്നില്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന തുകകൾ അവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റായതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

## 1-10 മാലിന്യസംസ്ക്കരണം- ഹരിതകർമ്മസേനയിലൂടെ

മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ വടവുകോട് ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട മഴുവന്നൂർ ഗ്രാമപഞ്ചായത്തിന് 49.11 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 19 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 34083 ആണ്. ആൾതാമസമുള്ള 9226 വീടുകളും 850 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2019-ലാണ് ഹരിതകർമ്മസേന ഇവിടെ രൂപീകരിച്ചത്. ആദ്യഘട്ടത്തിൽ ജനങ്ങളുടെ സഹകരണത്തിന്റെ അഭാവവും കോവിഡ് പ്രതിസന്ധിയും മൂലം പ്രവർത്തനം മന്ദഗതിയിലായിരുന്നെങ്കിലും 2024 മാർച്ചോടുകൂടി 9050 കുടുംബങ്ങളെയും 760 സ്ഥാപനങ്ങളെയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വാർഡിലും രണ്ട് അംഗങ്ങൾ വീതം 19 വാർഡുകളിലായി ആകെ 38 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ | എല്ലാ മാസവും |
| തുണി | ഫെബ്രുവരി |
| ഇ-വേസ്റ്റ്, ഹസാർഡസ് വേസ്റ്റ്, ബാറ്ററി | സെപ്റ്റംബർ |
| ചെരുപ്പ്, ബാഗ് | നവംബർ |
| കുപ്പിച്ചില്ല് | ഡിസംബർ |

തയ്യാറാക്കിയ കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

മാലിന്യം പൂർണ്ണമായി വേർതിരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ഭാഗികമായി മാത്രമാണ് വേർതിരിവ് നടക്കുന്നത്. സ്പോൺസർഷിപ്പിലൂടെ നിർമ്മിച്ച ഒരു മിനി എം സി എഫ് നിലവിൽ മാലിന്യം വേർതിരിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. മുപ്പത് ശതമാനത്തോളം മാലിന്യം വേർതിരിക്കാനാണ് നിലവിൽ സംവിധാനമുള്ളത്. മിനി എം സി എഫ്-ന്റെ ചിത്രം താഴെ ചേർക്കുന്നു.



റീസൈക്ലിംഗ്

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതൊഴിച്ചാൽ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികളൊന്നും തന്നെ നിലവിൽ സ്വീകരിച്ച് വരുന്നില്ല. പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുക, സ്വാപ്പ് ഷോപ്പുകൾ പോലുള്ള സംവിധാനം ഒരുക്കുക എന്നിവയൊന്നും നിലവിൽ ചെയ്ത് വരുന്നില്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സി ഡി എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എട്ടോളം പരിപാടികൾ ഇത്തരത്തിൽ നടപ്പാക്കിയിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹5164855.00 വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 38 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹10000.00 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. ഒരു വർഷം മാത്രമാണ് (2022-ൽ) വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയത്. വസ്തുനികുതി ഡിമാൻഡ് നോട്ടീസ് വിതരണം, ബയോബിൻ സൂപ്പർവിഷൻ, ഇനോക്കുലം വിതരണം എന്നിവ മുഖേന ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് നിലവിൽ സ്വന്തമായി വാഹനം ഇല്ല. സി എസ് ആർ ഫണ്ട് ഉപയോഗിച്ച് ഉടൻതന്നെ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. 5 ഹരിതകർമ്മസേനാംഗങ്ങൾ നിലവിൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി മേശ, അലമാര, കമ്പ്യൂട്ടർ എന്നീ സൗകര്യങ്ങൾ വി ഇ ഒ.ഓഫീസിൽ ഒരുക്കിയിട്ടുണ്ട്. എം സി എഫ്-ലും ചെറിയ ഓഫീസ് സൗകര്യം നിലവിലുണ്ട്. വാർഡുകൾ തോറും മിനി എം സി എഫ് സ്ഥാപിക്കുകയും, വീടുകളിൽ ബയോ ബിന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കേസുകളിലായി ₹108500.00 പിഴയിനത്തിൽ ഈടാക്കുകയും കുറ്റക്കാരെ കണ്ടെത്താൻ സാധിക്കാത്ത കേസുകളിൽ പൊലീസിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം കൂടാതെ തീപിടുത്തം നേരിടുന്നത് സംബന്ധിച്ച പരിശീലനവും നൽകിയിട്ടുണ്ട്. തുണിസഞ്ചി നിർമ്മാണം പോലുള്ള പ്രവൃത്തികളുടെ പരിശീലനവും നൽകി. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി 20 പേർക്ക് കൺസോർഷ്യത്തിൽ നിന്ന് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ചെറിയൊരു വിഭാഗം ജനങ്ങളുടെ നിസ്സഹകരണ മനോഭാവം സേനയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരുത്തുന്നുണ്ട്. ക്യൂ ആർ കോഡ് പതിപ്പിക്കൽ പൂർത്തിയായിട്ടില്ലാത്തതിനാൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നിലവിൽ പ്രവർത്തന ക്ഷമമായിട്ടില്ല. ശേഖരിക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് പ്രൊജക്ട് രൂപീകരിച്ചെങ്കിലും തൻവർഷം നടപ്പായിട്ടില്ല. സി എസ് ആർ ഫണ്ട് ഉപയോഗിച്ച് വാഹനം ഉടൻ ലഭ്യമാകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നേട്ടങ്ങൾ/പുരസ്കാരങ്ങൾ

കുടുംബശ്രീ അതത് വാർഡിലെ ഹരിതകർമ്മസേന അംഗങ്ങളെ ആദരിച്ചത് കൂടാതെ നെല്ലാട് വ്യാപാരി-വ്യവസായി സംഘടനയുടെ ആദരവും സംഘടിപ്പിച്ചിരുന്നു. യഥാസമയം മാലിന്യം നീക്കം ചെയ്തതിന് റൂബക്ക് ബലൂൺ എന്ന സ്ഥാപനം 19ാം വാർഡിലെ ഹരിതകർമ്മസേനാംഗത്തെ ആദരിക്കുകയുണ്ടായി.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിൽ നിലവിൽ 1500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു എം സി എഫ് പ്രവർത്തിക്കുന്നത് കൂടാതെ ഒരു എം സി എഫ്-ന്റെ കൂടി നിർമ്മാണം നടന്നുവരുന്നുണ്ട്. ബെയ്ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ നിലവിലില്ല. 19 വാർഡുകളിലായി 25 മിനി എം സി എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

2.മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 10ാം തീയതിക്കും 15ാം തീയതിക്കും ഉള്ളിൽ കൈമാറുന്നുണ്ട്. റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ച് നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം സി എഫിന് 1500 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 7 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയിൻ കോട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്, എം സി എഫ്-ൽ സെഗ്രഗേഷൻ ടേബിൾ, ഫയർ എക്സ്റ്റിംഗ്വിഷർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.




5. ശുചിത്വമാനദണ്ഡങ്ങൾ

എം സി എഫ് പഞ്ചായത്തിന്റെ കളി സ്ഥലത്തിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. പരിസരം ശുചിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. കുടിവെള്ള ലഭ്യത, ശുചിമുറി എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

'എക്കോ ഗ്രീൻ' എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്. 2023 ജനുവരി മുതൽ 2 വർഷത്തേക്കാണ് കരാർ. 2023-24 വർഷം 53 ടൺ മാലിന്യം കൈമാറിയിട്ടുണ്ട്. ഇതിൽ നിന്നും 19.05.2024 വരെ ₹322192.00 ഹരിതകർമ്മസേനയ്ക്ക് ലഭ്യമായിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ:**

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്ക്കരണം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള നിലവിലെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ എം സി എഫ് എത്രയും വേഗം പൂർത്തിയാക്കുന്നത് ഉചിതമായിരിക്കും. വേർതിരിക്കാത്ത മാലിന്യത്തിന് വില കുറച്ച് മാത്രമാണ് ലഭ്യമാകുന്നതെന്നതിനാൽ സെഗ്രഗേഷനുള്ള സൗകര്യം ഉറപ്പുവരുത്തുന്നത് വരുമാന വർദ്ധനവിന് ഉപകരിക്കും. ബെയ്ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ പുതിയ എം സി എഫിൽ സ്ഥാപിക്കുന്നതും മാലിന്യം കൈകാര്യം ചെയ്യുന്നതിന് സഹായകമാകും. ഒരു ഉദ്യോഗസ്ഥനെ മേൽനോട്ടത്തിന് മാത്രമായി ചുമതലപ്പെടുത്തേണ്ട അത്രയും പ്രവർത്തനം മാലിന്യ സംസ്ക്കരണത്തിനായി വേണ്ടി വരുന്നുണ്ട്. 'ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ' എന്ന അംഗീകാരം ലഭിച്ച പ്രൊജക്ട് മാർഗ്ഗരേഖയ്ക്ക് അനുസൃതമായി നടപ്പാക്കുകയും മാലിന്യം സംഭരിക്കുന്നതോടൊപ്പം നീക്കം ചെയ്യുന്നതിനും പ്രാധാന്യം നൽകുന്ന തരത്തിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്.

## 1-11 വാടക വരവ് – അപാകങ്ങൾ

1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256, ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിനുള്ള(നം.19/18.07.2024) മറുപടിയിൽ ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) 2023-24 വാർഷിക ധനകാര്യ പത്രികയിലെ I3 Schedule പ്രകാരം തൻവർഷ വാടക ഡിമാൻഡ് ₹7,83,030/- യും, RP 45 Schedule പ്രകാരം ലഭ്യമായ തൻവർഷ വരവ് ₹7,65,235/- യും B15 Schedule പ്രകാരം തൻവർഷ കുടിശ്ശികയായിട്ടുള്ളത് ₹17,795/- യുമാണ്. ആയതിനാൽ ₹17,795/- കുടിശ്ശിക വരുത്തിയിട്ടുള്ള വാടകക്കാരുടെ പേര്, വാടക കെട്ടിടത്തിൽ നടത്തപ്പെടുന്ന സ്ഥാപനത്തിന്റെ പേര്, അടവാക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ, തുക അടവാക്കുന്നതിനായി സ്വീകരിച്ച തുടർനടപടി വിവരങ്ങൾ എന്നിവ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.19/18.07.2024) ലഭ്യമായ മറുപടിയിലെ കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടിശ്ശിക വരുത്തിയ വാടകക്കാരന്റെ പേര് | കുടിശ്ശിക വരുത്തിയ മാസങ്ങളുടെ എണ്ണം | കുടിശ്ശിക വരുത്തിയ തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | സിജി വിനോജ്, കൈത്താക്കുടിയിൽ | 02 | 6094/- (3047 X 2) | മാർച്ച് മാസത്തിൽ കടമുറി ഒഴിഞ്ഞിട്ടുള്ളതും, കുടിശ്ശിക തുക വാടക ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിന് 18.07.2024 |

| | | | | |
|---|---|---|---|---|
| | | | | തീയതിയിലെ 4(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിക്കുന്നു. |
| 2 | സന്തോഷ് കെ വാസു, കിഴക്കേക്കര | 08 | 16480/- (2060 X 8) | രസീത് നം. 1241300063 / 04.04.2024 ൽ ₹1640/- അടവാക്കി |
| 3 | പി. എൻ. പ്രകാശ്, പൂണിയാറക്കുടി | 01 | 1315/- (1315x1) | രസീത് നം. 1241301148 / 12.06.2024 ൽ ₹1315/- അടവാക്കി |
| ആകെ | | | 23889/- | |

2023-24 വാർഷിക ധനകാര്യ പത്രികയിലെ B15 Schedule പ്രകാരം തൻവർഷ കുടിശ്ശികയായിട്ടുള്ളത് ₹17,795/- ആണ്. എന്നാൽ ലഭ്യമായ മറുപടിയിൽ 31.03.2024 വർഷാവസാനം ₹23889/- കുടിശ്ശിക ഉണ്ടായിരുന്നതായി വ്യക്തമാകുന്നു. കുടിശ്ശികയായ മുഴുവൻ തുകയും ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4) വാടക രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 28 കടമുറികൾ ഉള്ളതിൽ 27 എണ്ണമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത്. ഈ 27 കടമുറികൾ വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനാവശ്യമായ IFTE&OS ലൈസൻസ് എടുത്തിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.19/18.07.2024) ലഭ്യമായ മറുപടിയിൽ 2023-24 വർഷത്തിൽ ആകെ 6 വാടകക്കാർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് എന്നും തന്നാണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചത്. തുടർ നടപടി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

5) വാടക രജിസ്റ്ററിലും, വാർഷിക ധനകാര്യപത്രികയിലും രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ് - കളക്ഷൻ - ബാലൻസ് വിവരങ്ങൾ ₹7,83,030/- - ₹7,65,235/- - ₹17,795/- എന്നിങ്ങനെയാണ്.

എന്നാൽ ഓരോ കടമുറികൾക്കായി നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ആകെ വാടക (വാടകയ്ക്ക് നൽകാത്ത കടമുറി ഒഴികെ) ₹66037/-യാണ്. ആയതിനാൽ പ്രതിവർഷം ഡിമാന്റായി രേഖപ്പെടുത്തേണ്ട തുക ₹7,86,204/- എന്നതിനുപകരം ₹7,83,030/- എന്ന തുക തെറ്റായി ഡിമാന്റ് കണക്കാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.19/18.07.2024) ലഭ്യമായ മറുപടിയിൽ ₹6180/- ഡിമാന്റിൽ കുറവ് വന്നതായി വിവരിക്കുന്നു. ഡിമാന്റായി രേഖപ്പെടുത്തേണ്ട തുക ₹7,86,204/- യും നിലവിൽ രേഖപ്പെടുത്തിയ തുകയും (₹7,83,030/-) തമ്മിൽ ആകെ ₹3174/- യുടെ വ്യത്യാസമാണുള്ളത്. കൂടാതെ ഇതേ മറുപടിയിൽ ₹23889/- കുടിശ്ശിക ഉണ്ടായിരുന്നതായും വിശദീകരിക്കുന്നു. കണക്കുകളിൽ പൊരുത്തക്കേടുള്ളതിനാൽ മറുപടി തൃപ്തികരമല്ല. വിശദ പരിശോധന നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ വാർഷിക ധനകാര്യപത്രികയിലും വാടക രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ് - കളക്ഷൻ - ബാലൻസ് വിവരങ്ങൾ തെറ്റാണെന്നും കടമുറി വാടക വരവ് സംബന്ധിച്ച കണക്കുകളിന്മേൽ തെറ്റ് സംഭവിച്ചിട്ടുള്ളതായും വ്യക്തമാകുന്നു. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൃത്യമാക്കി അപാകതകൾ പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12-1 ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 28 കടമുറികൾ ഉള്ളതിൽ 27 എണ്ണമാണ് 2023-24 വർഷത്തിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ളത്. ഈ 27 കടമുറികൾ വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനാവശ്യമായ IFTE&OS ലൈസൻസ് എടുത്തിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.19/18.07.2024) ലഭ്യമായ മറുപടിയിൽ 2023-24 വർഷത്തിൽ ആകെ 6 വാടകക്കാർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് എന്നും തന്നാണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് വിവരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ IFTE&OS ലൈസൻസില്ലാതെ ഒരു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 IFTE&OS ലൈസൻസ് ഫീസ് – അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 2023-24 വാർഷിക ധനകാര്യ പത്രികയിലെ I4 Schedule പ്രകാരം ലൈസൻസ് ഇനത്തിൽ

തൻവർഷ ഡിമാന്റ് ₹7,13,600/- യാണ്. മുൻകൂർ തുകയായി 2022-23 വാർഷിക ധനകാര്യ പത്രികയിലെ RP 35, B9 പ്രകാരം ലഭിച്ചിട്ടുള്ളത് ₹5,07,400/- യും 2023-24 വാർഷിക ധനകാര്യ പത്രികയിലെ RP45 പ്രകാരം ₹2,21,200/- യും ചേർത്ത് ആകെ 7,28,600 ലൈസൻസ് ഇനത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ് - കളക്ഷൻ - ബാലൻസ് വിവരങ്ങൾ ₹7,13,600 – ₹7,13,600 – ₹0 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ ₹15,000/- കുറവ് വന്നിട്ടുള്ളതിന് കാരണം വ്യക്തമല്ല.

2. അഞ്ച് വർഷത്തേക്കായി ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേരും മേൽവിലാസം/ വാർഡ് നം./കെട്ടിട നം. | അപേക്ഷ കിട്ടിയ തീയതി | ലൈസൻസ് എടുത്തതിന്റെ ആവശ്യം | തുക / രസീത് നം./ തീയതി |
|---|---|---|---|---|
| 1 | പി.കെ. പ്രസാദ് പാറയ്ക്കൽ / 17/301 | 16.03.2019 | മെറ്റൽ ക്രഷർ | ₹15000 / 118030105969 14.02.2019 |
| 2 | ,, | 16.03.2019 | സാന്റ് പ്രോഡക്ട്സ് | ₹15000 / 118030105787 / തീയതി ലഭ്യമല്ല. |
| 3 | ജേക്കബ് കുര്യൻ കണ്ടനാടൻ / ( സർവേ നം. 273/1-1, 22/1, 271/3-1, 271/1-2) | 11.09.2020 | പാറപൊട്ടിച്ച് സംസ്കരിച്ച് വിൽപ്പന നടത്തുന്നതിന് | ₹20,000 / 12003010354 / 16.11.2020 |
| 4 | ജേക്കബ് കുര്യൻ കണ്ടനാട്ടൻ /(വാർഡ് നം./കെട്ടിട നം ലഭ്യമല്ല.) | 11.09.2020 | മെറ്റൽ ക്രഷർ | ₹45000 / 120030103154 / 16.11.2020 |
| 5 | എ.എ. അബ്ദുൽ സലാം എ.പി.കെ. സോർട്ടക്സ് റൈസ് / 8/320 എ | 30.07.2022 | പ്രൊഡക്ഷൻ ഓഫ് സോർട്ടക്സ് റൈസ് | 1. ₹9975(5000+2475+2500)/ 1220101808/04.08.2022<br>2. ₹39900(20000+9900+10000) / 1220101809/04.08.2022 |
| 6 | പി.കെ. പ്രസാദ് പാറയ്ക്കൽ / /(വാർഡ് നം./കെട്ടിട നം ലഭ്യമല്ല.) | അപേക്ഷ കിട്ടിയ തീയതി രേഖപ്പെടുത്തിയിട്ടില്ല | എം സാന്റ് നിർമ്മാണം. | ₹1,12,500(75000+25000+12500) /<br>1. 1230201226/27.03.2024<br>2. 1230201227/27.03.2024 |
| 7 | പി.കെ. പ്രസാദ് പാറയ്ക്കൽ / /(വാർഡ് നം./കെട്ടിട നം ലഭ്യമല്ല.) | അപേക്ഷ കിട്ടിയ തീയതി രേഖപ്പെടുത്തിയിട്ടില്ല | മെറ്റൽ ക്രഷർ | ₹1,20,050(75000+32550+12500) /<br>1. 1230201228/27.03.2024<br>2. 1230201229/27.03.2024 |

എ) മേൽ പട്ടികയിൽ വിവരിച്ച ലൈസൻസ് ഇനത്തിലുള്ള മുൻകൂർ തുക ലഭിച്ചതിന്റെ രസീതിന്റെ പകർപ്പ്, അപേക്ഷ എന്നീ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ബി) മേൽ പട്ടികയിൽ ക്രമ നം. 1 അപേക്ഷ ലഭിച്ചിട്ടുള്ള തീയതി 16.03.2019 ആണെങ്കിലും രസീത് നമ്പറിന്റെ തീയതി 14.02.2019 ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് രസീത് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

സി) ലൈസൻസ് ഇനത്തിൽ 5 വർഷത്തേക്ക് മുൻകൂർ തുകയായി ലഭിച്ച ടി തുകകൾ വാർഷിക ധനകാര്യ പത്രികയിൽ B9, RP35 എന്നീ ഷെഡ്യൂളുകളിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

3. പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 19 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ളതും മറ്റും 3292 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ട്. എന്നാൽ 2023-24 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 583 എണ്ണം മാത്രമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
മേൽ വിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 12.07.2024ൽ നൽകിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അപാകതകൾ പരിഹരിച്ച് അവ്യക്തതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.തുടർ നടപടി വിവരം രേഖമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 വരവ് ഇനങ്ങളിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക വൻതുകകളായി നിലനിൽക്കുന്നു.

പഞ്ചായത്ത് സമർപ്പിച്ച തൻവർഷ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ B15 ഷെഡ്യൂളിൽ വരവ് ഇനങ്ങളിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശികകൾ വൻതുകകളായി നിലനിൽക്കുന്നു. എന്നാൽ പഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച അതിനടിസ്ഥാനമായ രേഖകളിലെ കണക്കുകൾ ടി തുകകളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷ വാർഷിക ധനകാര്യ പത്രികയിൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ ₹3,26,03,708/- യും വാടക കുടിശ്ശികയിനത്തിൽ ₹38,735/- യും ചേർത്ത് ആകെ കുടിശ്ശികയായി നിലനിൽക്കുന്നത് ₹3,26,42,443/- യാണ്. ടി തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള അടിയന്തിര നടപടികളെടുത്ത് കുടിശ്ശിക തുക നിയമാനുസൃതമായി പിരിച്ചെടുക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര നടപടികൾക്കായി അറിയിക്കുന്നു.

## 1-14 വസ്തു നികുതി – കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയാണ് വരുന്നത്. എന്നാൽ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ (2023-24, 2022-23) വിവരങ്ങൾ പട്ടിക 1, 2 ആയും, സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പട്ടിക 3 ആയും ചുവടെ ചേർക്കുന്നു.

പട്ടിക നം.1

2023-24 വാർഷിക ധനകാര്യപത്രിക വിവരങ്ങൾ

| തൻവർഷത്തെ ഡിമാൻഡ് (I1) | | തൻവർഷം ലഭ്യമായ വരവ് (RP45) | | | | തൻവർഷ കുടിശ്ശിക (B15) | | | | തൻവർഷം മുൻകൂറായി തുടരുന്ന തുക (B9) | |
|---|---|---|---|---|---|---|---|---|---|---|---|
| റെസിഡെൻഷ്യൽ | നോൺ റെസിഡെൻഷ്യൽ | റെസിഡെൻഷ്യൽ | | നോൺ റെസിഡെൻഷ്യൽ | | റെസിഡെൻഷ്യൽ | | നോൺ റെസിഡെൻഷ്യൽ | | റെസിഡെൻഷ്യൽ | നോൺ റെസിഡെൻഷ്യൽ |
| | | C | A | C | A | C | A | C | A | | |
| 3623197 | 10542998 | 3078398 | 526084 | 6163005 | 1026764 | 561122 | 476775 | 4579518 | 26986293 | 23992 | 42257 |

പട്ടിക നം.2

2022-23വാർഷിക ധനകാര്യപത്രിക വിവരങ്ങൾ

| മുൻവർഷ കുടിശ്ശിക (B15(2022-23)) | മുൻവർഷം മുൻകൂറായി തുടരുന്ന തുക (B9(2022-23)) |
|---|---|
| 29534178 | 67793 |

പട്ടിക നം.3

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ

| തൻവർഷത്തെ ഡിമാൻഡ് | വർഷാരംഭത്തിൽ മുൻവർഷ കുടിശ്ശികയായി നിലനിക്കുന്നത് | തൻവർഷം ലഭ്യമായ വരവ് | | തൻ വർഷത്തേക്കായുള്ള ആകെ മുൻകൂർ തുക | തൻവർഷാവസാനം കുടിശ്ശികയായി നിലനിൽക്കുന്ന ആകെ തുക |
|---|---|---|---|---|---|
| 13983545 | 27706082 | തൻവർഷ തുക | കുടിശ്ശിക വരവ് | 28944 | 30881028 |

| | | |
|---|---|---|
| 9266145 | 1555520 | |

നികുതി എന്നത് ഒരു നികുതിദായകന് (ഒരു വ്യക്തി അല്ലെങ്കിൽ നിയമപരമായ സ്ഥാപനം / വസ്തുവകകൾ) സർക്കാർ ചെലവുകൾക്കും പൊതു ചെലവുകൾക്കും അല്ലെങ്കിൽ നെഗറ്റീവ് ബാഹ്യഘടകങ്ങൾ നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനുമുള്ള ഒരു മാർഗ്ഗമായി ഒരു സർക്കാർ സ്ഥാപനം ചുമത്തുന്ന നിർബന്ധിത സാമ്പത്തിക ചാർജ് അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ലെവിയാണ്. അത് സർക്കാരിന്റെ സാമ്പത്തിക വളർച്ചയിലും സാമ്പത്തിക ക്ഷേമത്തിലും, നിലനിൽപ്പിലും വളരെ വലിയ സ്വാധീനം ചെലുത്തുന്നു. ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതിയിനത്തിലുള്ള വരവാണ് വസ്തുനികുതി. മേൽ പട്ടിക 3 (സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയത്) ൽ വിവരിച്ച ഡിമാന്റ്, കളക്ഷൻ, അഡ്വാൻസ്, ബാലൻസ് തുകകൾ തമ്മിലും വാർഷിക ധനകാര്യപത്രികയുമായും പൊരുത്തപ്പെടുന്നില്ലാത്തതിനാൽ വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്ത് മുന്നോട്ട് വയ്ക്കുന്ന ഡിമാൻഡ്, മുൻകൂർ തുകകൾ ഈടാക്കുന്നത്, ഡിമാൻഡിന്മേലുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ കണക്കാക്കുന്നതിന്റെ അടിസ്ഥാനം അവ്യക്തമായി തുടരുന്ന സാഹചര്യമാണ് നിലവിലുള്ളത്.തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ബിൽഡിങ്ങ് പെർമിറ്റ്-ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയിട്ടില്ല

ശ്രീ. തങ്കച്ചൻ എം.ടി., ശ്രീ. ശ്രീജിത്ത് എം. ആർ. എന്നീ വ്യക്തികൾ, സർവ്വേ നം.159/1-2 പ്രകാരമുള്ള 1820ച.മീ. സ്ഥലത്ത് അഞ്ച് യൂണിറ്റുകളിലായി 492.25 ച.മീ. (98.45X 5) വിസ്തൃതിയിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഡെവലപ്പ്മെന്റ് വരുത്തുന്നതിനുമായി 17.08.2023-ൽ നം. SC3(C3)/5303/2023 പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ 21.12.2023 ൽ പെർമിറ്റ് (നം.SC3(C3)-BA(427361)/2023) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം ഡെവലപ്പ് ചെയ്യുന്നതിന് ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിയില്ല. വിശദവിവരം ഭാഗം 2 ലെ ഖണ്ഡിക 2-1 ൽ ചേർക്കുന്നു.

## 1-16 ഇ-ടെണ്ടർ ഫീസ് യഥാസമയം തനതു ഫണ്ടിലേക്ക് കൈമാറുന്നില്ല

മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം.00000038651639794) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2024 ൽ ₹181118.27 നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക യഥാസമയം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്നത് സാമ്പത്തിക വർഷാവസാന മാസങ്ങളിലാണ്. ഈ കാലയളവിൽ ലഭിച്ച ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ട തുക യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. ഇ-ടെൻഡർ ഫീസ് യഥാസമയം പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 15.07.2024-ൽ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം 18.07.2024-ൽ ഈ തുക അടവാക്കി രസീത് ഹാജരാക്കി. ഇ-ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ യഥാസമയം കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് (340100303) ഇനത്തിൽ ₹1,29,500.00 ബാദ്ധ്യത ഉള്ളതായി കാണുന്നു. 2020 നവംബർ മാസത്തിൽ ലഭിച്ചിട്ടുള്ള തുകയാണിത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽകൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.8/15.7.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുള്ള ₹1,29,500.00 രൂപയിൽ തിരികെ നൽകേണ്ടാത്തതും കാലഹരണപ്പെട്ടതുമായ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-18 റിഡംപ്ഷൻ തുക – 38.71 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല.

ബാലൻസ് ഷീറ്റിലെ ബി.15 ഷെഡ്യൂൾ പ്രകാരം Receivable Redemption (431500199) എന്ന ഹെഡിൽ ₹1,11,22,577.00 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനുണ്ട്.

| തീയതി | തുക | റിഡംപ്ഷൻ നടത്തിയ അക്കൗണ്ട് | ഉത്തരവ് നം. |
|---|---|---|---|

| | | | |
|---|---|---|---|
| 30.03.2024 | ₹72,51,603.00 | 799013000001201 തനത് ഫണ്ട് അക്കൗണ്ട് | TRY/1835/2024-F.2/30.03.2024 |
| 30.03.2024 | ₹38,70,974.00 | 799014000000967 ജോയിന്റ് വെഞ്ചർ അക്കൗണ്ട് | TRY/1835/2024-F.2/30.03.2024 |
| ആകെ | ₹1,11,22,577.00 | | |

ഇതിൽ ₹72,51,603.00 ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ ( നം. 799013000001201) 2024 ഏപ്രിൽ 3ന് തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ₹38,70,974.00 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഈ തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/18.7.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

സാധാരണയായി റിഡംപ്ഷൻ തുക ഏപ്രിൽ മാസത്തിൽ തന്നെ തിരികെ ലഭിക്കുന്നതായിട്ടും ഓഡിറ്റ് തീയതിയിലും ആയത് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് അംഗീകരിക്കാവുന്നതല്ല. ₹38,70,974.00 തിരിച്ചു കിട്ടുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

## 1-19 മാലിന്യ കൂമ്പാരം നീക്കം ചെയ്യൽ - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും മാലിന്യ കൂമ്പാരം നീക്കം ചെയ്യൽ (ഫ്സ്.0251/24) |
| അടങ്കൽ | 6,00,000/- (തനത് ഫണ്ട്) |
| ചെലവ് | 1,76,100/- (തനത് ഫണ്ട്) (വൗച്ചർ നം. 22301356/ 31.3.24, ചെക്ക് നം.55245/18.3.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ആറാം വാർഡിൽ ഐസക് മത്തായി വെള്ളാംപറമ്പിൽ എന്നയാളുടെ സ്വകാര്യ പുരയിടത്തിൽ അനധികൃതമായി നിക്ഷേപിച്ചിട്ടുള്ള അജൈവ മാലിന്യം നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് M/s Northamps ENV Solution എന്ന സ്ഥാപനത്തിന് 18.03.2024 ൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 17610 കിലോഗ്രാം മാലിന്യം നീക്കം ചെയ്ത വകയിൽ കിലോഗ്രാമിന് 10 രൂപ നിരക്കിൽ ₹176100/- യിൽ ₹3522/- ആദായ നികുതി കിഴിച്ച് ₹172578/- യാണ് പ്രോജക്ട് പ്രകാരം നൽകിയിരുന്നത്. ഇതേ ആവശ്യത്തിന് ഇതേ സ്ഥാപനത്തിന് 12.5.23 ലെ കരാറിന്റെ അടിസ്ഥാനത്തിൽ ₹116700/- ( ചെക്ക് നം.000012/19.6.23 ) ഉം ₹71350/- (ചെക്ക് നം. 000013/ 20.06.2023) ഉം ഉൾപ്പെടെ ₹188050/- നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ചുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.01/11.7.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി കൂടി പരിഗണിച്ച് താഴെ ചേർക്കുന്ന പരാമർശങ്ങൾ ഉൾപ്പെടുത്തുന്നു.

1. സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പൊതുപ്പണം വിനിയോഗിച്ചതിന്റെ കാരണം സംബന്ധിച്ച് ലഭ്യമാക്കിയിട്ടുള്ള മറുപടിയും രേഖകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡിൽ ഐസക് മത്തായി വെള്ളാംപറമ്പിൽ എന്നയാളുടെ സ്വകാര്യ പുരയിടത്തിൽ അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. മാലിന്യശേഖരം മഴപെയ്യുമ്പോൾ മഞ്ചനാട് കുടിവെള്ളപദ്ധതിയിലെ ഉറവ്വെള്ളത്തിലേക്ക് ഒഴുകി കുടിവെള്ളം മലിനപ്പെടുത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് കുന്നത്തുനാട് പോലീസ് സ്റ്റേഷനിൽ 204/2023 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ഇതിൽ ഉൾപ്പെട്ടിട്ടുള്ള 4 കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ട്. ഐസക് മത്തായി വെള്ളാംപറമ്പിൽ നെല്ലാട്, ഗിരീഷ് കുമാർ മറയിക്കാട്ട് ഹൗസ് നെല്ലാട്, ബിജു പി പി പൊറോത്താൻ ഹൗസ് കുവപ്പടി, മാഹിൻ അബൂബക്കർ സിദ്ധീക് തോട്ടത്തിൽ ഹൗസ് മുളവൂർ വില്ലേജ് പ്ലാവിൻചോട് എന്നിവരാണ് കുറ്റക്കാർ. പഞ്ചായത്തിന് ചെലവായ ഫണ്ട് ഈ നാലുപേരിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഐസക് മത്തായി വെള്ളാംപറമ്പിൽ 90157/-രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് (Rt. No.1241301681/G071004 / 17.07.2024). ആകെ ചെലവായ തുക ₹3,64,150/- ആണ്. ഗ്രാമഞ്ചായത്തിന് ഇനിയും ₹2,73,993/- തിരികെ ലഭിക്കുവാനുണ്ട്.

2. കരാർ സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ടി.ഡി.എസ്. ഉൾപ്പെടെ ആകെ ₹3,64,150/- നൽകിയിട്ടുണ്ടെങ്കിലും 2017 ലെ ചരക്ക് സേവന നികുതി നിയമം, വകുപ്പ് 51 (1) പ്രകാരം ജി.എസ്.ടി. ടിഡിഎസ് ഈടാക്കിയതായി കാണുന്നില്ല.

മാലിന്യം നിക്ഷേപിക്കുന്നതിൽ കുറ്റക്കാരായി കണ്ടെത്തിയവരിൽ നിന്ന് തുക ഈടാക്കുവാൻ കൈക്കൊണ്ട നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ നിന്നും മാലിന്യം നീക്കം ചെയ്തതിന് തനത് ഫണ്ടിൽ

നിന്നും ചെലവഴിച്ച തുകയിൽ തിരികെ ലഭിക്കുവാനുള്ള ₹2,73,993/- തിരികെ ഈടാക്കുന്നതിന് വിധേയമായി ₹2,73,993/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഇടപാടുകളില്ലാത്ത അക്കൗണ്ട്.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും നടത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | 31.3.24 ലെ നീക്കിയിരുപ്പ് |
|---|---|
| ബി.ഒ.ഐ. ലിറ്ററസി അക്കൗണ്ട് (857410100003874) | ₹3114.00 |
| യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ (342722010000065) | ₹10,000 |
| ഐരാപുരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.2124 സൗത്ത് ഐരാപുരം – ഡിസ്ട്രസ് റിലീഫ് ഫണ്ട് (1472) | ₹3,509 |

യൂണിയൻ ബാങ്കിൽ സൂക്ഷിക്കുന്ന അക്കൗണ്ട് ഏത് ആവശ്യത്തിന് വേണ്ടി ആരംഭിച്ചിട്ടുള്ളതാണെന്ന് വ്യക്തമല്ല. ഫെഡറൽ ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലൂടെയാണ് നിലവിൽ ദുരിതാശ്വാസ നിധി ഇടപാടുകൾ നടത്തപ്പെടുന്നത്. ഈ സാഹചര്യത്തിൽ സഹകരണ ബാങ്കിൽ ഇതേ ആവശ്യത്തിനായി അക്കൌണ്ട് സൂക്ഷിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. നിലവിൽ ഇടപാടുകൾ ഒന്നും ഇല്ലാതെ അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/18.7.24) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സമയത്ത് സംഭാവനകൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് യൂണിയൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതെന്നും എല്ലാ അക്കൗണ്ടുകളും സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ അക്കൗണ്ടുകൾ നിലനിർത്തേണ്ട ആവശ്യമില്ലെങ്കിൽ ആയവ ക്ലോസ് ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പണി പൂർത്തീകരിക്കാത്ത 92.35 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) വിവിധ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ തുടരുന്നു. കേരള ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ മുൻകൂർ തുകകളിൽ 61.9 ലക്ഷം രൂപയുടെയും കേരള ജല അതോറിറ്റിക്ക് നൽകിയ 28.45 ലക്ഷം രൂപയുടെയും ഗ്രൗണ്ട് വാട്ടർ വകുപ്പിന് നൽകിയ 2 ലക്ഷം രൂപയുടെയും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

**1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്. (460500202 Head Code)**
**(ഖണ്ഡിക 4-3കൂടി കാണുക)**

| വർഷം | പ്രവൃത്തിയുടെ പേര് / നം. | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| മുൻവർങ്ങളിലെ നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | ₹51,14,523.00* |
| 2023-24 | എസ് 0200/24, സ്ട്രീറ്റ് മെയിൻ വലിക്കൽ മൂന്നാം ഘട്ടം. | UTR RBI 0812451581625/ 20.3.2024 | ₹10,75,506 |
| ആകെ | | | ₹61,90,029 |

**2) കേരള ജലഅതോറിറ്റി (460500201 Head Code)**

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| മുൻവർങ്ങളിലെ നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | ₹28,45,000* |
| ആകെ | | | ₹28,45,000 |

**3) ഗ്രൗണ്ട് വാട്ടർ വകുപ്പ് (460500204 Head Code)**

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| മുൻവർഷങ്ങളിലെ നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | ₹200,000* |
| ആകെ | | | ₹200,000* |

* മേൽ സ്ഥാപനങ്ങളിൽ മുൻവർഷങ്ങളിലെ നിക്ഷേപം ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് 15.7.2024 ൽ 14-ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകി ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇക്കാര്യം മരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 1-22 കുടിവെള്ള പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല.

കേരള വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 616 പൊതുടാപ്പുകൾ ഉള്ളതായി കാണുന്നു. ഒരു പൊതുടാപ്പിന്റെ വെള്ളക്കരം നിലവിൽ പ്രതിവർഷം ₹14,559/- ആണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തിൽ ₹89,68,344/- (₹7,47,362 X 12) വെള്ളക്കരമായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലുള്ള പൊതു ടാപ്പുകളുടെ എണ്ണം വാർഡ് തിരിച്ച് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റി അധികാരികളും ഗ്രാമപഞ്ചായത്ത് അധികാരികളും ചേർന്ന് കുടിവെള്ള പൊതുടാപ്പുകളുടെ എണ്ണവും പ്രവർത്തന ക്ഷമതയും ഉപയുക്തതയും സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി ആവശ്യമായ പൊതുടാപ്പുകൾ നിലനിർത്തി ബാക്കിയുള്ളവ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സ്വമേധയാ പരിശോധന നടത്തി പൊതുടാപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതായും കാണുന്നില്ല. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/18.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്തതും ഉപയോഗശൂന്യവുമായ പൊതുടാപ്പുകൾ ഉണ്ടെങ്കിൽ ആയവ റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, ഈയിനത്തിലുള്ള ചെലവ് ക്രമീകരിക്കേണ്ടതുമാണ്.

## 1-23 തുടർ വിദ്യാഭ്യാസ പദ്ധതി- അധികം അടവാക്കിയ തുക നിരാകരിക്കുന്നു

ഈ പ്രൊജക്ടിൽ പത്താംതരം, പ്ലസ് വൺ തുല്യതാ കോഴ്സുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പഠിതാക്കളുടെ കോഴ്സ് ഫീസ് സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആകെ ₹10600.00 അടവാക്കേണ്ടതിന് പകരം ₹14300.00 അടവാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. ₹3700.00 അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.07.2024-ലെ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ ₹3700.00 ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട്നം | 84/24 |
| പേര് | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | ₹2200000/- (₹382780.00 വികസനഫണ്ട്-ജനറൽ, ₹317220.00 തനതുഫണ്ട്, ₹1500000.00 മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | ₹813075.00 (₹314701.00 തനതുഫണ്ട്, ₹498374.00 മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ബിൽ നമ്പർ/തീയതി | തനതുഫണ്ട്<br>595/30.03.2024 ₹314701.00 |
| | മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്<br>438/18.03.2024 ₹84960.00<br>439/18.03.2024 ₹84960.00<br>437/18.03.2024 ₹84960.00<br>441/18.03.2024 ₹98513.00<br>436/18.03.2024 ₹50976.00 |

| | |
|---|---|
| | 440/18.03.2024 ₹94005.00 |

ഈ പ്രൊജക്ടിൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള വിവിധ സ്കൂളുകൾക്ക് താഴെ ചേർക്കും വിധം ഫർണിച്ചർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| ടീച്ചേഴ്സ് ടേബിൾ | 17 |
| ടീച്ചേഴ്സ് ചെയർ | 32 |
| പ്ലാസ്റ്റിക് ചെയർ | 540 |
| കമ്പ്യൂട്ടർ ടേബിൾ | 5 |
| വൈറ്റ് ബോർഡ് | 24 |
| ഓഫീസ് ഷെൽഫ് | 12 |
| ലൈബ്രറി ഷെൽഫ് | 12 |

ഈ പ്രൊജക്ടിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രം ടെൻഡർ ക്ഷണിച്ചാണ് M/s ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO), ആലപ്പുഴ-യിൽ നിന്ന് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. പങ്കെടുത്തിട്ടുള്ളത് ARTCO ആലപ്പുഴ, ARTCO കോഴിക്കോട്, ARTCO കോട്ടയം എന്നീ സ്ഥാപനങ്ങളാണ്. ജി ഒ (ആർ ടി) നം. 19/2009 /എസ് പി ഡി തീയതി 23.03.2009 ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫർണിച്ചർ ARTCO-യിൽ നിന്ന് ടെൻഡർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകുകയും ആയതിന്റെ കാലാവധി ജി ഒ (ആർ ടി) നം. 21/2023/എസ് പി ഡി തീയതി 24.02.2023 ഉത്തരവിലൂടെ 06.03.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഫർണിച്ചർ വാങ്ങേണ്ടത് ടെൻഡർ നടപടിയിലൂടെ ആയിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രൊജക്ടിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങളിൽ 'നീൽകമൽ' എന്ന സ്വകാര്യ കമ്പനി ഉത്പാദിപ്പിക്കുന്ന 540 പ്ലാസ്റ്റിക് കസേരകൾ ഉൾപ്പെടുന്നു. ₹480.00 നിരക്കിൽ 540 കസേരകൾ വാങ്ങിയതിന് ആകെ ₹259200.00 ചെലവ് വന്നിട്ടുണ്ട്.

ARTCO പൊതുമേഖലാ സ്ഥാപനം അല്ല. സർക്കാർ ഉത്തരവിൽ ഉൾപ്പെട്ട, ഈ സ്ഥാപനം ഉത്പാദിപ്പിക്കുന്ന ഫർണിച്ചർ ടെൻഡർ നടപടി കൂടാതെ വാങ്ങുന്നതിന് മാത്രമാണ് അനുമതിയുള്ളത്. ആയതിനാൽ ഓപ്പൺ ടെൻഡർ കൂടാതെ സ്വകാര്യ കമ്പനിയുടെ ഉത്പന്നം വാങ്ങിയിട്ടുള്ളത് ക്രമപ്രകാരമല്ല.

ഇതിനുള്ള വിശദീകരണവും ഫർണിച്ചർ വാങ്ങുന്നതിന് മുൻപ് സ്കൂളുകളിൽ ഉണ്ടായിരുന്ന ഉപകരണങ്ങളുടെ നിലവിലെ വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 15.07.2024-ൽ നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. നടപടിക്രമം ലഘൂവാക്കി കാലതാമസം ഒഴിവാക്കുക എന്ന സദുദ്ദേശത്തോടെ നടപ്പാക്കിയ പ്രൊജക്ടാണെന്നും അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിലവിലുണ്ടായിരുന്നവയിൽ ഉപയോഗപ്രദമായ ഫർണിച്ചറുകൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ഉപയോഗശൂന്യമായവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ഒഴിവാക്കി മാത്രം വാങ്ങലുകൾ നടത്തേണ്ടതും സർക്കാർ ഉത്തരവുകളിലെ നിബന്ധനകളെല്ലാം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ഉപയോഗശൂന്യമായ ഫർണിച്ചർ ലേലം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-25 ഹോമിയോ- മരുന്ന് ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S76/24 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 300000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ആകെ ചെലവ് തുക | 300000/- |
| ബിൽ നമ്പർ/ തീയതി | 359/09.02.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |

പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് 2023-24 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് ₹300000.00 രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്-ന് (HOMCO) കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഫയലിലില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 15.07.2024-ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ ₹300000.00-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 അതിദരിദ്രർക്ക് ഭക്ഷണ വിതരണം - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ**

## വിഹിതം ഉറപ്പാക്കണം

അതിദരിദ്രർക്ക് ഭക്ഷണ വിതരണം

| പ്രോജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|---|
| 64/2024 | അതിദരിദ്രർക്ക് ഭക്ഷണ വിതരണം | തനത് ഫണ്ട് | 1,50,000 | 62,500 | 31200-53108/ 29.11.23, 31300-55229/ 12.03.24 |

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD തീയതി 19.04.2022 ഖണ്ഡിക 6.6 (2) പ്രകാരം മൈക്രോ പ്ലാനുകളിലെ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർവ്വഹണ പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടതും ലഭ്യമായ സ്രോതസുകളിൽ നിന്നും വിഹിതം കണ്ടെത്തി ഓരോ വർഷത്തെയും പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രൊജക്ടിൽ തനത് ഫണ്ട് മാത്രമാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം. ഇപ്രകാരം വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/15.07.2024) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 2023-24 വർഷത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടായിരുന്നില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 84/2022/LSGD Dt. 19.04.2022 ഖണ്ഡിക 6.6(2) പ്രകാരം അതിദരിദ്രർക്കു വേണ്ടിയുള്ള മൈക്രോ പ്ലാനുകൾക്ക് വരും വർഷങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - പ്രവർത്തനക്ഷമമായിട്ടില്ല.

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കും പ്രകാരം പ്രോജക്ട് ഏറ്റെടുത്ത് തുകകൾ വിനിയോഗിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് നം. | എസ്.0014/24. സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം- ഹരിത മിത്രം ആപ്പ്- സർവ്വീസ് ചാർജ്ജ് നൽകൽ. | |
| അടങ്കൽ | ₹1,54,900 (തനത് ഫണ്ട്) | |
| ചെലവ് വിവരം | ₹12,000 | ക്യൂ ആർ കോഡ് 13000 എണ്ണം സപ്ലൈ ചെയ്തതിന് വൗ.നം.22301107/ 28.2.24 പ്രകാരം കെ.എസ്.ഇ.ഡി.സി. (കെൽട്രോൺ) ന് നൽകിയ തുക. |
| | ₹1,42,900 | സർവ്വീസ് ചാർജ്ജിനത്തിൽ ₹135700 ഉം എസ്.എം.എസ്. ചാർജ്ജിനത്തിൽ ₹7200 ഉം ഉൾപ്പെടെ വൗ.നം.22301199/ 19.3.24 പ്രകാരം കെൽട്രോണിന് നൽകിയ തുക |
| | ₹1,54,900 | ആകെ ചെലവ് (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് വിവിധ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 12.07.2024 ൽ 4-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി കൂടി പരിഗണിച്ചുകൊണ്ട് പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പ്രവർത്തനക്ഷമമായിട്ടില്ല.**

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പാക്കുന്നതിന് 1.4.2024 ലാണ് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും ഗുണഭോക്താക്കളുടെ

എന്റോൾമെന്റ് പൂർത്തിയാക്കി സബ്സ്ക്രിപ്ഷൻ നടത്തി സിസ്റ്റത്തിന്റെ പ്രവർത്തനം സെപ്റ്റംബർ മാസത്തോടെ പൂർണ്ണമായും ആരംഭിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇതിന്റെ മോണിട്ടറിങ്ങിനായി ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**<u>മോണിട്ടറിങ്ങ് റിപ്പോർട്ടുകൾ പഞ്ചായത്ത് കമ്മറ്റിക്ക് ലഭ്യമാക്കിയിട്ടില്ല</u>**

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പ്രവർത്തന സജ്ജമാകാത്തതിനാൽ ഇത് സംബന്ധിച്ചുള്ള മോണിട്ടറിങ്ങ് റിപ്പോർട്ടുകൾ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് നൽകിയിട്ടില്ല.

**<u>ക്യൂ ആർ കോഡ് പൂർണ്ണമായും പതിപ്പിച്ചിട്ടില്ല.</u>**

ലഭ്യമായ ക്യൂ ആർ കോഡ് ഉപയോക്താക്കളുടെ എന്റോൾമെന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും പൂർണ്ണമായും സ്ഥാപിച്ചിട്ടില്ല. വീടുകളുടെ എന്റോൾമെന്റ് 64% മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളു എന്നും ലഭ്യമായ ക്യൂ ആർ കോഡുകൾ പതിപ്പിക്കുന്ന പ്രക്രിയ 63% പൂർത്തിയായിട്ടുണ്ടെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുമെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**<u>ഹരിതകർമ്മ സേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ</u>**

ഹരിതമിത്രം ആപ്പ് പ്രവർത്തനത്തിനായി ഹരിതകർമ്മ സേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ നല്കിയിട്ടില്ല. നിലവിലെ സേനാംഗങ്ങളിൽ 20 പേർ സ്മാർട്ട് ഫോൺ ഉള്ളവരാണ്. ബാക്കിയുള്ള 18 പേർക്ക് ഹരിതകർമ്മ സേനയുടെ ഫണ്ടിൽ നിന്നും 10000/- രൂപ പലിശ രഹിത വായ്പ നൽകി ഫോൺ ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം സർക്കാർ വിഭാവനം ചെയ്ത രീതിൽ പ്രവർത്തന സജ്ജമാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വിധേയമായി ₹1,54,900 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-28 ആയൂർവേദ മരുന്ന് വിതരണത്തിലെ അപാകത</u>

| | |
|---|---|
| പ്രോജക്ട് നം | 52/24 |
| പേര് | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | ₹800000/- (മെയിന്റനൻസ് ഫണ്ട്, നോൺ റോഡ്) |
| ചെലവ് | ₹800000/- |
| ബിൽ നമ്പർ/തീയതി | 95/07.07.2023 |

പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്ന് ഔഷധിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. അഞ്ച് ഇൻവോയ്സുകളിലായാണ് മരുന്ന് ലഭ്യമായിട്ടുള്ളത്.
1) ഇൻവോയ്സ് നം- 90305830/17.07.2023, ₹636983/-
2) ഇൻവോയ്സ് നം- 90311643/14.09.2023, ₹114764/-
3) ഇൻവോയ്സ് നം- 90313200/28.09.2023, ₹24115/-
4) ഇൻവോയ്സ് നം- 90316611/29.10.2023, ₹12641/-
5) ഇൻവോയ്സ് നം- 90325738/30.12.2023, ₹11497/-

ഇവയിൽ ക്രമ നമ്പർ 1-ൽ 90305830ാം നമ്പർ ഇൻവോയ്സ് മുഖേന വാങ്ങിയ താഴെപറയുന്ന മരുന്ന് ഇൻവോയ്സിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധി കഴിഞ്ഞും വിതരണം ചെയ്തതായി മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. 12.02.2024 ൽ നമ്പർ 15/23-24 പ്രകാരം 70 പാക്കറ്റുകൾ ഇൻഡന്റ് ചെയ്തിട്ടുണ്ട്. (മെയിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് നം.160, ഇൻഡന്റ് രജിസ്റ്റർ പേജ് നം.21, ക്രമ നം. 18)

| മരുന്നിന്റെ പേര് | സപ്ലൈ ചെയ്ത എണ്ണം (ഇൻവോയ്സ് നം.90305830/ 17.07.2023) | മാനുഫാക്ച്ചർ തീയതി | എക്സ്പയറി തീയതി | റിമാർക്സ് |
|---|---|---|---|---|
| ഗുളുചീ ചൂർണ്ണം 50GM<br>ക്രമ നം-26 | 95 പാക്കറ്റ് | 04/2022 | 03/2024 | എക്സ്പയറി തീയതിയായ 03/2024ന് ശേഷം 12 പാക്കറ്റ് വിതരണം ചെയ്തിരിക്കുന്നു. 03.04.2024-6 പാക്കറ്റ് 10.04.2024-3 പാക്കറ്റ് 17.04.2024-3 |

| | | | | |
|---|---|---|---|---|
| | | | | പാക്കറ്റ് (സബ്സ്റ്റോക്ക് രജിസ്റ്റർ പേജ് നം- 108) |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 15.07.2024-ൽ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഈ മരുന്ന് ത്വക്കിൽ ലേപനമായാണ് നൽകിയിട്ടുള്ളതെന്നും ഇത് രോഗിയുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കില്ലെന്നും ഇനി മുതൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 1940-ലെ Drugs And Cosmetics Act-ന് കീഴിലുള്ള 1945-ലെ Drugs And Cosmetics Rules-ലെ ചട്ടം 161B-യിൽ ആയുർവേദ മരുന്നുകളുടെ കാലാവധി ഉൾപ്പെടുത്തിയിട്ടുള്ളതും ഈ കാലാവധിക്ക് ശേഷം മരുന്ന് സർക്കുലേഷനിൽ ഉണ്ടാകാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലെ പട്ടിക 2(i), ക്രമ നമ്പർ 1 പ്രകാരം ചൂർണ്ണങ്ങളുടെ കാലാവധി 2 വർഷമാണ്. കാലാവധി കഴിഞ്ഞാൽ മരുന്നുകളുടെ ക്ഷമത കുറയുകയോ, 'Toxicity' കൂടുകയോ ചെയ്യുമെന്നതിനാലാണ് മരുന്നുകളുടെ മാനുഫാക്ചർ തീയതി, എക്സ്പയറി തീയതി എന്നിവ രേഖപ്പെടുത്താൻ നിർദ്ദേശമുള്ളത്. പ്രസ്തുത ചട്ടങ്ങളിലെ ഷെഡ്യൂൾ K-യിൽ സർക്കാരിന്റെയോ തദ്ദേശ സ്ഥാപനങ്ങളുടെയോ കീഴിലുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും കാലാവധി കഴിഞ്ഞ മരുന്ന് വിതരണം ചെയ്യുന്നത് വിലക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അംഗീകരിക്കുന്നില്ല. മരുന്ന് വിതരണത്തിൽ ഇത്തരം അശ്രദ്ധ ഒഴിവാക്കേണ്ടതും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-29 സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ് 0200/24. സ്ട്രീറ്റ് മെയിൻ വലിക്കൽ മൂന്നാം ഘട്ടം. |
| അടങ്കൽ തുക | ₹10,75,506/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് വിവരം | ₹10,75,506/- (വികസന ഫണ്ട് പൊതുവിഭാഗം) UTR RBI 0812451581625/20.3.2024 തുക കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിന്റെ 15, 12 എന്നീ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടാണിത്. ഈ പ്രവൃത്തിയ്ക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി 01/24/20-05-2024 ആയി കരാറിൽ ഏർപ്പെട്ട് തുക മുൻകൂർ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/12.7.2024) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വിധേയമായി ₹10,75,506/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 അംബികാമഠം - പാതാളപ്പറമ്പ് റോഡ് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | അംബികാമഠം - പാതാളപ്പറമ്പ് റോഡ് (സംയുക്തം) | |
| അടങ്കൽ | കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | ₹15,29,000 |
| | തനത് ഫണ്ട് | ₹1,000 |
| | ജില്ലാപഞ്ചായത്ത് വിഹിതം | ₹29,70,000 |
| | ആകെ | ₹45,00,000 |
| ചെലവ് വിവരം | കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ്- വൗച്ചർ നം. XVFC/2023-24/P/32/ 15.3.2024 | ₹15,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | |

45 ലക്ഷം രൂപ അടങ്കലിൽ ജില്ലാപഞ്ചായത്ത് നിർവ്വഹണം നടത്തുന്ന സംയുക്ത പ്രോജക്ടിലേക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടാണിത്. ₹15.3 ലക്ഷം ആണ് ഗ്രാമപഞ്ചായത്ത് വിഹിതമെങ്കിലും ₹15 ലക്ഷം മാത്രമാണ് കൈമാറിയിട്ടുള്ളത്. ഈ റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/12.7.24) ജില്ലാ പഞ്ചായത്തിന് കൈമാറിയ ₹15 ലക്ഷം പ്രോജക്ടിൽ വിനിയോഗിച്ചിട്ടുണ്ട് എന്ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 12.07.2024 ന് നൽകിയിട്ടുള്ള ഒരു സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 45 ലക്ഷം രൂപ അടങ്കലുള്ള അംബികാമഠം - പാതാളപ്പറമ്പ് റോഡ് പണി

പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തി പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുത്തത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ 15 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 1995-96 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലാന്റ് ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയില്ല- ₹7,717.5യുടെ വരവ് നഷ്ടം

1). ശ്രീ. തങ്കച്ചൻ എം.ടി., ശ്രീ. ശ്രീജിത്ത് എം. ആർ. എന്നീ വ്യക്തികൾ, സർവ്വേ നം.159/1-2 പ്രകാരമുള്ള 1820 ച.മീ. സ്ഥലത്ത് അഞ്ച് യൂണിറ്റുകളിലായി 492.25 ച.മീ. (98.45 X 5) വിസ്തൃതിയിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഡെവലപ്പ്മെന്റ് വരുത്തുന്നതിനുമായി 17.08.2023 -ൽ നം. SC3(C3)/5303/2023 പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ 21.12.2023 ൽ പെർമിറ്റ് (നം.SC3(C3)-BA(427361)/2023) നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ ഡിപ്പാർട്ട്മെന്റ് ഓഫ് അർബൻ അഫയേഴ്സ് സർട്ടിഫൈഡ് എഞ്ചിനിയറും (സൈഫുനിസ എം., രജിസേട്രഷൻ നം.G6-4058/18/724/CA), അപേക്ഷകരും പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം ഡെവലപ്പ്മെന്റ് നടത്തേണ്ടതുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 02.11.2023 ലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷൻ റിപ്പോർട്ടിൽ 1820 ച.മീ. സ്ഥലത്ത് അഞ്ച് യൂണിറ്റുകളിലായി 492.25 ച.മീ.(98.45 X 5) വിസ്തൃതിയിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത് KPBR 2019 ചട്ടപ്രകാരം ആണെന്നും ആയത് നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ 1029.31 ച.മീ. ചുവടെ പട്ടികയിൽ ചേർക്കുന്ന അളവ് പ്രകാരം ഡെവലപ്പ്മെന്റ് നടത്തേണ്ടതുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| Development (Earth Cutting Are) | 1029.31 $M^2$ |
| Proposed Level | 101.10 M |
| Average Cutting Hight | 3.4638 M |
| Earth Quantity | 3565.32 $M^3$ |

ഫയൽ പരിശോധിച്ചതിൽ 492.25 ച.മീ. (98.45 X 5) വിസ്തൃതിയിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ ഫീസ് തുകയായ ₹73,837 യാണ് രസീത് നം. 1231301569 / 19.12.2023 പ്രകാരം ഈടാക്കിയതായി കാണുന്നത്. KPBR 2019 ലെ ഷെഡ്യൂൾ II പ്രകാരം 10.29 ആർ (1029.31ച.മീ. = 25.437 സെന്റ് = 10.29ആർ) സ്ഥലത്തിന് ആനുപാതികമായ ഡെവലപ്പ്മെന്റ് ഫീസ് ₹7,717.5 (10.29 X 750) ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 19.07.2024 ൽ നൽകിയ 24-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥലത്ത് പാർപ്പിടാവശ്യത്തിനുള്ള 5 കെട്ടിടങ്ങൾക്കുള്ള നിർമ്മാണ അനുമതിയാണ് നൽകിയിട്ടുള്ളതെന്നും ടി നിർമ്മാണത്തിൽ പ്ലോട്ട് ഡിവിഷൻ വരുന്നില്ലാത്തതിനാലാണ് ഷെഡ്യൂൾ II പ്രകാരം ഫീസ് ഈടാക്കാത്തത് എന്നും കാണിച്ചിരിക്കുന്നു. ടി മറുപടി ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ അപാകതകൾ സംബന്ധിച്ച് പുന:പരിശോധന നടത്തി ചട്ട പ്രകാരം ഈടാക്കേണ്ട ഫീസായ ₹7,717.5 ബന്ധപ്പെട്ട ഉത്തരവാദികളിൽ നിന്നും ഈടാക്കി അപാകതകൾ പരിഹരിച്ച് തുടർ

നടപടി വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തുടർ വിദ്യാഭ്യാസ പദ്ധതി- അധികം അടവാക്കിയ തുക നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട്നം | 83/24 |
| പേര് | സാക്ഷരത തുടർ വിദ്യാഭ്യാസ പദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.യു പി സ്കൂൾ |
| അടങ്കൽ | ₹50000.00 (തനതുഫണ്ട്) |
| ചെലവ് | ₹14300.00 |
| വൗച്ചർ നമ്പർ/തീയതി | 42301214/31.03.2024 |

ഈ പ്രൊജക്ടിൽ പത്താംതരം, പ്ലസ് വൺ തുല്യതാ കോഴ്സുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പഠിതാക്കളുടെ കോഴ്സ് ഫീസ് സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. താഴെ ചേർക്കും വിധം ആണ് ഫീസ് നിരക്ക്.

| കോഴ്സ് | ഫീസ് X പഠിതാക്കളുടെ എണ്ണം | ആകെ തുക |
|---|---|---|
| പത്താംതരം തുല്യത | ₹1850x2 | ₹3700.00 |
| പ്ലസ് വൺ തുല്യത | ₹2300x3 | ₹6900.00 |
| | ആകെ | ₹10600.00 |

രണ്ട് കോഴ്സുകൾക്കുമായി ആകെ ₹10600.00 അടവാക്കേണ്ടതിന് പകരം ₹14300.00 സാക്ഷരതാ മിഷനിൽ അടവാക്കി. ₹3700.00 അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.07.2024-ലെ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയോ ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹7,61,611 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി. | ₹7,61,611 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. | ₹2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,25,000 | അതിദരിദ്രർക്ക് വീട് മെയിന്റനൻസ് - എസ്.സി. | ₹2,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹12,50,000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ 2020 | ₹12,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000 | ലൈഫ് ഭവന നിർമ്മാണം- എസ്.സി.2020 | ₹2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹6,60,000 | ശാരീര മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | ₹6,60,000 | 0 |
| **ആകെ** | | **₹32,96,611** | | **₹32,96,611** | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹7,50,000 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | ₹7,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹25,000 | നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ചികിത്സ ധനസഹായം | ₹25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹2,20,000 | ശാരീര മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | ₹2,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹5,00,000 | ക്ഷീരകർഷ കർക്ക് പാലിന് സബ്സിഡി. | ₹5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹20,00,000 | ലൈഫ് ഭവന നിർമ്മാണം- പൊതുവിഭാഗം 2020 | ₹20,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹4,00,000 | ലൈഫ് ഭവന നിർമ്മാണം- ജനറൽ 2020 | ₹4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹80,000 | ലൈഫ് ഭവന നിർമ്മാണം- എസ്.സി. 2020 | ₹80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹6,80,000 | ലൈഫ് ഭവന നിർമ്മാണം- പട്ടികജാതി വിഭാഗം | ₹6,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹4,79,360 | സമഗ്ര നെൽക്കൃഷി വികസനം | ₹4,79,360 | 0 |
| **ആകെ** | | **₹51,34,360** | | **₹51,34,360** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| 23-24 | എസ്സ് 0200/24. സ്ട്രീറ്റ് മെയിൻ | UTR RBI 0812451581625 / 20.3.24 | ₹10,75,506 | 0 | ₹10,75,506 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ മൂന്നാം ഘട്ടം. | | | | |
| | എസ്. 0238/24. പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22300738/ 28.11.23 | ₹20,762 | ₹20,762 | 14.2.24 വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു |
| | | 22300791/ 15.12.23 | ₹2,01,139 | ₹2,01,139 | 15.7.24 വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു |
| | | 22301001/ 19.2.24 | ₹51,823 | ₹51,823 | 15.7.2.24 വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു |
| **ഒട്ടാകെ** | | | **₹13,49,230** | **₹2,73,724** | **₹10,75,506** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. | ₹66,12,318* | ₹88,00,000 | ₹1,54,12,318 | ₹47,75,682 | | ₹1,06,36,636* |

*വാർഷിക ധനകാര്യ പത്രികയിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക ₹6362318/- എന്നും വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക ₹10386636 എന്നും തെറ്റായി ചേർത്തിട്ടുള്ളത് തിരുത്തേണ്ടതാണ്.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക |
| നമ്പർ | പേര് | |
| 291/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹7,35,573 |
| 295/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹7,35,573 |
| 299/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹7,35,573 |
| 293/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹8,41,894 |
| 296/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹8,41,894 |
| 300/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹8,41,892 |
| 292/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹14,428 |
| 297/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹14,428 |
| 301/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹14,427 |
| **ആകെ** | | **₹47,75,682** |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | 0 |
| തൻവർഷം നിക്ഷേപിച്ച മുതൽ | ₹1,00,00,000 | ₹1,02,70,564.00 |
| തൻവർഷം നിക്ഷേപിച്ച പലിശ | ₹2,70,564 | |
| ആകെ | | ₹1,02,70,564.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | **₹1,02,70,564.00** |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ഫെഡറൽ ബാങ്ക്, കീഴില്ലം | ₹51,35,321.00 | 12220400088910/ 29.3.2024 |
| ഫെഡറൽ ബാങ്ക്, കീഴില്ലം | ₹51,35,243.00 | 12220400089025/ 04.04.2024 |
| ആകെ | **₹1,02,70,564.00*** | |

കുറിപ്പ്: 04.04.2024 ൽ പുതുക്കിയ ഇൻവെസ്റ്റ്മെന്റും 23-24 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ B.12 ഷെഡ്യൂൾ (കോഡ് 420800101) പ്രകാരമുള്ള നീക്കിയിരുപ്പ് തുക ₹1,02,70,486/- മാത്രമാണ് ഉള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 71638/-രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ/ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|---|
| 1 | 2021-22 | 1-12(9) | 6000 | സ്കൈ പൈ, ഹൈരാപുരം | 1231304085/ 14.03.2024 | 110200102 |
| 2 | 2022-23 | 1-25 | 1200 | സി ജെ എസ് ഹാച്ചറീസ് | 1231304049/ 12.03.2024 | 110200102 |
| 3 | 2022-23 | 1-25(8) | 960 | ഹർഷദ് ഗ്രാനൈറ്റ്സ് | 1231303201/ 20.02.2024 | 190100102 |
| 4 | 2022-23 | 1-25(15) | 600 | എക്സലൈറ്റ് അപ്പാരൽസ് | 1231303203/ 22.02.2024 | 190100102 |
| 5 | 2022-23 | 1-30(1) | 17350 | രാജീവ് കുമാർ | 1231301163/ 22.11.2023 | 431100103 |
| 6 | 2022-23 | 2-1 | 6000 | മൈക്രോ ടോൾ സ്റ്റെറിലൈസേഷൻ സർവീസസ് | 1231304169/ 16.03.2024 | 190200201 |
| 7 | 2014-15 | 2-1(ബി) (9) | 19764 | ബി എസ് എൻ എൽ | 1231303595/ 28.02.2024 | 431100104 |
| 8 | 2015-16 | 2-4(8) | 19764 | ബി എസ് എൻ എൽ | 1231303599/ 28.02.2024 | 431100104 |
| | | ആകെ | 71638 | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2002-03 | VII.1.7.10(I) | വീട് മെയിന്റനൻസിന് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് | സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 28/11/2019 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 1999-00 2001-02 | 32 | 2002-03 | VII.1.7.10(I) | | |
| 2014-15 | 2-2 | 2016-17 | | തൊഴിൽ നികുതി | തൊഴിൽ നികുതി ഈടാക്കി. |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | | സംബന്ധിച്ച് | പരാമർശം തീർപ്പാക്കിയതായി മറുപടി ലഭ്യമായില്ല. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,13,07,019.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,02,51,725.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹7,717.5 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹3700.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3304399.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹7,717.5 | - | ശ്രീമതി അജിതകുമാരി എ വി<br>സെക്രട്ടറി, മഴുവന്നൂർ ഗ്രാമപഞ്ചായത്ത് |
| 3-1 | - | ₹3700.00 | ശ്രീ.പത്രോസ് ടി പി,<br>ഹെഡ്മാസ്റ്റർ,<br>ഗവ.യു പി എസ് വലമ്പൂർ |
| ആകെ | ₹7,717.5 | ₹3700.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | ₹91331.00 | ശ്രീമതി. അജിതകുമാരി എ വി,<br>സെക്രട്ടറി |
| 1-19 | ₹182662.00 | ശ്രീ.ദീപു ദിവാകരൻ,<br>സെക്രട്ടറി |
| 1-25 | ₹300000.00 | ഡോ.ശ്രീകല എം,<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-27 | ₹12000.00 | ശ്രീമതി. അജിതകുമാരി എ വി,<br>സെക്രട്ടറി |
| | ₹142900.00 | ശ്രീ സജി വർഗ്ഗീസ്,<br>സെക്രട്ടറി-ഇൻ-ചാർജ് |
| 1-29 | ₹1075506.00 | ശ്രീ സജി വർഗ്ഗീസ്,<br>സെക്രട്ടറി-ഇൻ-ചാർജ് |
| 1-30 | ₹1500000.00 | ശ്രീമതി. അജിതകുമാരി എ വി,<br>സെക്രട്ടറി |
| ആകെ | ₹3304399.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അജിതകുമാരി എ വി,<br>സെക്രട്ടറി | സെക്രട്ടറി,<br>മഴുവന്നൂർ ഗ്രാമപഞ്ചായത്ത് | വൽസലഭവൻ,<br>കീഴത്തോട്ടം,<br>പരശുവൈക്കൽ പി ഒ,<br>പാറശ്ശാല<br>പിൻ-695508<br>Ananyakiran457@gmail.com |

| | | |
|---|---|---|
| ശ്രീ സജി വർഗ്ഗീസ്,<br>സെക്രട്ടറി-ഇൻ-ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി,<br>മഴുവന്നൂർ<br>ഗ്രാമപഞ്ചായത്ത് | ഇടപ്പാറയിൽ,<br>വലമ്പൂർ-686669<br>Sajvar73@gmail.com |
| ഡോ. ശ്രീകല എം,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ),<br>മഴുവന്നൂർ<br>ഗ്രാമപഞ്ചായത്ത് | കൊച്ചുതറ വീട്<br>മുടവൂർ (പി.ഒ.)<br>മൂവാറ്റുപുഴ – 686669<br>Dr.sreekala.m@gmail.com |
| ശ്രീ.പത്രോസ് ടി പി,<br>ഹെഡ്മാസ്റ്റർ,<br>ഗവ.യു പി എസ് വലമ്പൂർ | ഹെഡ്മാസ്റ്റർ,<br>ഗവ.യു പി എസ്,<br>വലമ്പൂർ | തൃക്കപ്പറമ്പിൽ,<br>സൗത്ത് മഴുവന്നൂർ<br>പിൻ-686669<br>Tppathrose@gmail.com |
| ശ്രീ. ദീപു ദിവാകരൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>കുന്നത്തുനാട്<br>ഗ്രാമപഞ്ചായത്ത് | ചാപ്പുരയിൽ വീട്,<br>പുത്തൃക്ക പി ഒ,<br>പുത്തൻകുരിശ്<br>682308<br>Deepucdivakaran@gmail.com |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 1996-97 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 1997-98 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 2 |
| 1998-99 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1999-00 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2000-01 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2001-02 (പദ്ധതി) | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2002-03 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2003-04 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2005-06 | കെ.എസ്.എ(ഇ.കെ.എം)പി1 1509/2015.തീ.15.03.2016 | 6 |
| 2006-07 | എൽ.എഫ്.ഇ(പി1)139/09, 15.06.10/06.07.10 | 24 |
| 2007-08 | എൽ.എഫ്.ഇ(പി1)140/09, 17.08.2010 | 27 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ(ഇ.കെ.എം)പി1 1522/2015.തീ.28.01.2016 | 14 |
| 2011-12<br>2012-13 | കെ.എസ്.എ(ഇ.കെ.എം)പി1 255/2015.തീ.28.07.2015 | 14 |
| 2013-14 | കെ.എസ്.എ(ഇ.കെ.എം)പി1 640/2016.തീ.20.09.16 | 8 |
| 2014-15 | കെ.എസ്.എ(ഇ.കെ.എം)പി1 183/2017.തീ.22.02.2017 | 8 |
| 2015-16 | കെ.എസ്.എ(ഇ.കെ.എം)പി1 2246/2016.തീ.17.01.2017 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി1) 1665/2017, തീ.18.04.2018 | 16 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി1) 2192/2018, തീ.31.10.2018 | 12 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി1) 2/2020, തീ. 25/01/2020 | 5 |
| 2019-20 | കെ.എസ്.എ- | |

| | | |
|---|---|---|
| | ഇ.കെ.എം(പി1) 1554/2021 തീ. 08.12.2021 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (പി1)-1555/2021 തീ. 09/02/2022 | |
| 2021-22 | കെ.എസ്.എ.ഇ.കെ.എം. (പി1)-2284/2022 തീ. 22/03/2023 | |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (പി1)-1608/2023 തീ. 06/12/2023 | 36 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 21-06-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Mazhuvannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mazhuvannur Grama Panchayat as on 31-03-2024

**Date: 20/09/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Mazhuvannur Grama Panchayat for the Year 2023-2024.

### 1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and

information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

### 2.Other Observations

**1. Marriage assistance given for daughters of widows is not included in AFS.**

Rupees 30,000 has been sanctioned as marriage allowance to a beneficiary during the audit year (UTR RBI0752441949977/15.3.2024). But this amount is not included in the annual financial statements.

**2. Property tax figures do not match.**

Property tax figures do not match between the annual financial statements and Sanchaya figures.

**3. The details of the amount remaining to be settled in advance are not available**

The details such as, to whom and how much amount has been given as advance in each item vide B.18 schedule of AFS has not been made available for inspection.

**4. Life Loan - Repayment amount not matching.**

The balance due for the loan amount received from KURDFC for construction of life mission houses at the end of the year is Rs.1,06,36,636. But as per balance sheet B.5 schedule it is recorded as Rs.1,03,86,636.

**5. MGNREGA figures do not match.**

MGNREGA Figures as per Annual Financial Statement, Cash Book and MIS report do not match each other.

**6. Deficiency in cash flow statement.**

According to the cash flow statement, "Net increase (decrease) in cash and cash equivalent" for the period 23-24 is Rs.10,55,294.00. But in the same statement, "Net Cash Generated by Operating + Investing+ Financing Activity" is Rs.1,53,74,679.00. Although these two amounts should match as per accepted accounting standards, these amounts do not match in the cash flow statement provided.

**7. Joint venture project fund closing balances are not matching**

The closing balance of the funds received for joint venture projects do not match with Schedule B.4 and the Treasury Saving Bank Account opened for this purpose.

**8. Capital Expenditure met from Maintenance Grant.**

Maintenance grant is to be utilised for maintenance works, and amount received under this head is to be treated as revenue income. But an amount of Rs. 13,66,924 is transferred to Capital Contribution.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്